**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **31-01-2024 - ൽ മറുപടിയ്ക്ക്**

**സേവ് പദ്ധതിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ എന്ന നിലയിൽ ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് രൂപീകരിക്കപ്പെട്ട സേവ് എന്ന കൂട്ടായ്മകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റത്തിന്റെ ഭാഗമായി പുരോഗമന സ്വഭാവമുള്ള സാംസ്കാരിക കൂട്ടായ്മകൾ എന്ന നിലയിൽ കോളനികൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സേവ് ക്ലബ്ബുകളുടെ പ്രവർത്തനം ബ്ലോക്ക്/ജില്ലാ പട്ടികജാതി/പട്ടികവർഗ്ഗ വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ വിലയിരുത്തി വരുന്നുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മത്സര പരീക്ഷ പരിശീലനം, കലാ കായിക വിജ്ഞാന വികാസ പരിപാടികൾ, സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ശുചീകരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും മേൽ പ്രവർത്തനങ്ങളിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പവരുത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങളെ സ്ഥിര വരുമാനവും അഭിമാനബോധവുമുള്ള പരിഷ്കൃത ജനതയാക്കി മാറ്റുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ, ഡിസൈനിംഗ്, ഏവിയേഷൻ, ഇലക്ട്രോണിക്സ്, മറൈൻ വ്യവസായം പ്ലാസ്റ്റിക് വ്യവസായം, ആരോഗ്യം, പ്രിന്റിംഗ് ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം KELTRON, KASE ASAP, CIPET, Kuttukkaran Insistute തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആധുനിക തൊഴിൽ മേഖലകളിലെ നൈപുണ്യം കൈവരിക്കുന്നതിനായി ഐ.ടി.ഐ.കളിലെ ട്രേഡുകളുടെ പഠനത്തോടൊപ്പം അനുയോജ്യമായ |

| | | | |
|---|---|---|---|
| | | | ഹ്രസ്വകാല കോഴ്സുകൾ (Add on Courses) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിലയിലെത്തിക്കുന്നതിനും, അതു വഴി മികവുറ്റ തൊഴിലുകൾക്ക് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ TRACE (Training for Career Excellence) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു വഴി എഞ്ചിനിയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽവർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയായവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നു.<br><br>സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി ) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (സി) | പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്കും വിദ്യാർത്ഥികൾക്കും നവ കേരള നിർമിതിക്കനുയോജ്യമായ വിധത്തിൽ ആധുനിക തൊഴിൽ മേഖലകളിൽ നൈപുണ്യം ഉറപ്പാക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഓട്ടോമൊബൈൽ, ഇലക്ട്രിക്കൽ, ടെക്സ്റ്റൈൽ, ഡിസൈനിംഗ്, ഏവിയേഷൻ, ഇലക്ട്രോണിക്സ്, മറൈൻ വ്യവസായം പ്ലാസ്റ്റിക് വ്യവസായം, ആരോഗ്യം, പ്രിന്റിംഗ് ടെക്നോളജി എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം KELTRON, KASE ASAP, CIPET, Kuttukkaran Insistute തുടങ്ങിയ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നുണ്ട്. കൂടാതെ ആധുനിക തൊഴിൽ മേഖലകളിലെ നൈപുണ്യം കൈവരിക്കുന്നതിനായി ഐ.ടി.ഐ.കളിലെ ട്രേഡുകളുടെ പഠനത്തോടൊപ്പം അനുയോജ്യമായ |

| | | | |
|---|---|---|---|
| | | | ഹ്രസ്വകാല കോഴ്സുകൾ (Add on Courses) ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠനമേഖലക്ക് അനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിലയിലെത്തിക്കുന്നതിനും, അതു വഴി മികവുറ്റ തൊഴിലുകൾക്ക് സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ TRACE (Training for Career Excellence) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു വഴി എഞ്ചിനിയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽവർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയായവർക്ക് ഇന്റേൺഷിപ്പ് മാതൃകയിൽ ഹോണറേറിയത്തോട് കൂടി പരിശീലനം നൽകുന്നതിന് അവസരമൊരുക്കുന്നു.<br><br>സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പുമുഖേന 1 ലക്ഷം രൂപ വരെയും (1/3 സബ്സിഡി ) സ്വയം സഹായ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെയും (പ്രോജക്ട് കോസ്റ്റിന്റെ 75%) സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br><br>അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ 20 വയസിനും 50 വയസിനും മദ്ധ്യേ പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വിദേശത്ത് തൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽ കരാർപത്രം, വിസ എന്നിവയുടെ അടിസ്ഥാനത്തിൽ യാത്രാ/വിസാ സംബന്ധമായ ചെലവുകൾ നേരിടുന്നതിനായി ഒരു ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയെ സഹായിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളും ഊരുകളും കേന്ദ്രീകരിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ? | (ഡി) | പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാനസികവും ശാരീരികവും വൈജ്ഞാനികവുമായ വളർച്ചയെ സഹായിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളും ഊരുകളും കേന്ദ്രീകരിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, മത്സര പരീക്ഷ പരിശീലനം, കലാ കായിക \|വിജ്ഞാന വികാസ പരിപാടികൾ, സാഹിത്യ- സാംസ്കാരിക പ്രവർത്തനങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ, വികസനോൽസവം തുടങ്ങിയ പ്രവർത്തനങ്ങൾ സേവ് ക്ലബുകളുടെയും വിജ്ഞാൻവാടികളുടേയും നേതൃത്വത്തിൽ നടത്തി വരുന്നുണ്ട്. കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ മെമ്പർഷിപ്പ് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും പുസ്തകങ്ങൾ ലഭ്യമാക്കുകയും ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ